**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 344 08.06.2015 ൽ മറുപടിയ്ക്ക്**

## അനധികൃത നിയമനം

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി : | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന മതിയായ യോഗ്യതയില്ലാത്തവർക്ക് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നല്കിയിരുന്നോ ; | (എ) | ഇല്ല . |
| (ബി) | അപ്രകാരം നിയമനം നൽകിയെങ്കിൽ ആയതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കുമോ; | (ബി) | ബാധകമല്ല . |
| (സി) | ഇത് സംബന്ധിച്ച് ഏതെല്ലാം കോടതികളിൽ കേസുകൾ നിലവിലുണ്ട് ; ആയത് സംബന്ധിച്ച കോടതിവിധികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (സി) | ടി വിഷയം സംബന്ധിച്ച് ഒരു കോടതിയിലും കേസ്സുകൾ നിലവിലുള്ളതായി അറിവില്ല. എന്നാൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ നമ്പർ. 3033/2013 ആയി നിലനിന്നിരുന്ന പൊതു കേസ്സുകളിൽ 20.10.2014-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി പ്രത്യേക ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നമ്പർ 111/2013/ട്രാൻസ് നമ്പർ ഉത്തരവ്, ടി തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയ്ക്ക് വിധേയമായി നടപ്പിലാക്കാമെന്ന് വിധിച്ചിരുന്നു. ടി പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരാത്ത സാഹചര്യത്തിൽ 11.12.2013 തീയ്യതിയിലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം |

| | | | |
|---|---|---|---|
| | | | നൽകിയ ജീവനക്കാരെ അവരുടെ മാതൃതസ്തികയിലേയ്ക്ക് തരം താഴ്ത്തി നിയമിക്കാവുന്നതാണെന്നും ടി ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിഷ്കർഷിച്ചിരുന്നു. ഇതിനെതിരെ അസി. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ച ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി. (കെ.എ.റ്റി.) നം.374, 375, 376, 377 ആയി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. അപ്പീൽ ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞതിനെ തുടർന്ന് അവരെ മാതൃതസ്തികയിലേയ്ക്ക് തരം താഴ്ത്തുകയും ചെയ്തിരുന്നു. ടി വിധിക്കെതിരെ അവർ ബഹു. സുപ്രീം കോടതിയിൽ പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീം കോടതിയുടെ SLP നമ്പർ CC 5231-34/15-27.03.2015-ലെ ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷകർക്ക് സംസ്ഥാന സർക്കാർ മുമ്പാകെ നിവേദനം നൽകാൻ അനുമതി നൽകുകയും അത് നിയമ പ്രകാരം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ബഹു സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 345 08.06.2015 ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

ചോദ്യം

ശ്രീ. കെ. അജിത്ത് :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമന രീതി വ്യക്തമാക്കുമോ ; ഇതിൽ നേരിട്ടും , തസ്തികമാറ്റം വഴിയും, ഉദ്യോഗക്കയറ്റം വഴിയും എത്ര ശതമാനം വീതമാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | 07.04.2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി. ഒ. (പി) നം. 16/2008/ട്രാൻ പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ നിയമന രീതി താഴെ പറയും പ്രകാരമാണ്.<br>നേരിട്ടുള്ള നിയമനവും, മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനവും.<br>എന്നാൽ, തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരില്ലാത്ത പക്ഷം നിശ്ചിത യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാരെയും പരിഗണിക്കുന്നതിനായി 3.6.2015 ലെ ജി. ഒ. (പി) നം. 35/2015/ട്രാൻ പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:4 എന്ന അനുപാതത്തിൽ നടത്താവുന്നതാണ്.<br>ഉദ്യോഗക്കയറ്റം വഴി ടി തസ്തികയിലേക്ക നിയമനം നടത്തുന്നില്ല . |

| | | | |
|---|---|---|---|
| (ബി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. കോടതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായി നേരിട്ടുള്ള നിയമനമല്ലാത്തവർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (സി) | 7.04.2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ. (പി) നം. 16/2008/ട്രാൻ പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനു താഴെ പറയുന്ന യോഗ്യതകൾ നിഷ്കർഷിക്കുന്നു.<br>1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.<br>2. 1. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന മൂന്ന് വർഷ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് അഥവാ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ; അല്ലെങ്കിൽ<br>2. 2 (1) ഖണ്ഡികയിൽ പറയും പ്രകാരമുള്ള കേന്ദ്ര – സംസ്ഥാന സർക്കാർ അംഗീകൃത യോഗ്യത.<br>3. മുകളിൽ പറയും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ഒരു സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള ഒരു വർഷത്തെ ഫുൾ ടൈം വർക്ക്ഷോപ്പ് പ്രവർത്തി പരിചയം.<br>4. മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്. |

| | | | |
|---|---|---|---|
| | | | 5. ശാരീരിക യോഗ്യത – പുരുഷന്മാർക്ക് 165 സെ.മീ. സ്ത്രീകൾക്ക് 152 സെ. മീ. ഉയരം, 5 സെ.മീ. വികാസത്തോടുകൂടി 81 സെ. മീ. (നെഞ്ചളവ് സ്ത്രീകൾക്ക് ബാധകമല്ല), നേർകാഴ്ചയോഗ്യത .<br>6. അക്കൗണ്ട് ടെസ്റ്റ് (ലോവർ)ഉം മോട്ടോർ വാഹന നിയമവും ജയിച്ചിരിക്കണം.<br>7. മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ 3 വർഷത്തെ പ്രവർത്തി പരിചയം. |
| (ഡി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനവുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർ എതിർപ്പോ, ആശങ്കയോ സർക്കാരിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | ഉണ്ട് . കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, കേരള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ എന്നീ സംഘടനകൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിശ്ചിത യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാരെ കൂടി പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ എതിർപ്പ് അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

[illegible]

[illegible]